(ഇ) ശ്രദ്ധയിൽപ്പെട്ടിരുന്നു. വിവിധ വകപ്പുമന്ത്രിമാർ പങ്കെടുത്ത യോഗത്തിൽ ടി വിഷയങ്ങൾ ചർച്ച ചെയ്ത് പ്രശ്നങ്ങൾ പരിഹരിക്കുകയും ചെയ്തിരുന്നു. അട്ടപ്പാടി പാക്കേജുമായി ബന്ധപ്പെട്ട് പ്രത്യേക ടഷറി നിയന്ത്രണങ്ങൾ ഉണ്ടായിട്ടില്ല.

(എഫ്) ശിശുമരണങ്ങൾ - 14.

അട്ടപ്പാടിയിലെ ശിശുമരണങ്ങൾ സംബന്ധിച്ച പഠനം

279 (4270) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അട്ടപ്പാടിയിലെ വലിയ തോതിലുള്ള ശിശുമരണം സംബന്ധിച്ച് എന്തെല്ലാം പഠനങ്ങളാണ് നടത്തിയിട്ടുള്ളത്; എന്നാണ് നടത്തിയത്; ആരുടെ നേതൃത്വത്തിലാണ് നടത്തിയത്; റിപ്പോർട്ട് സമർപ്പിച്ചുവോ; എന്നാണ് സമർപ്പിച്ചത്; റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ;

(ബി) അട്ടപ്പാടിയിലെ അമ്മമാരുടെയും, കുട്ടികളുടെയും ആരോഗ്യത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു; അതിനായി എത്ര തുക ചെലവഴിച്ചു; പ്രവർത്തനങ്ങൾ ആരാണ് ഏകോപിപ്പിച്ചത്; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) യൂണിസെഫ്, ഡോ. ഇക്ബാൽ കമ്മിറ്റി, ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ, തൃശ്ശൂർ മെഡിക്കൽ കോളേജ് ഡോക്ടർമാരുടെ നേതൃത്വത്തിലുള്ള സംഘം, ഹൈദരാബാദിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ന്യൂട്രീഷൻ എന്നീ സംഘങ്ങൾ അട്ടപ്പാടി മേഖലയിൽ പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) അട്ടപ്പാടിയിലെ പട്ടികവർഗ്ഗ അമ്മമാരുടെയും കുട്ടികളുടെയും ആരോഗ്യ സംരക്ഷണത്തിനായി സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. പട്ടിക വർഗ്ഗക്കാർക്കിടയിലെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിന് ഈ മേഖലയിൽ 3 ന്യൂട്രീഷൻ റീഹാബിലിറ്റേഷൻ സെന്ററുകൾ തുറന്ന് പ്രവർത്തിക്കുന്നുണ്ട്. ഗുരുതരമായ അനീമിയ ബാധിച്ച കുട്ടികളെ ഇവിടെ കിടത്തി ചികിത്സിക്കുന്നുണ്ട്. ഐ.സി.ഡി.എസ്. അംഗൻവാടികൾ വഴി പ്രത്യേക ന്യൂട്രീഷൻ കിറ്റുകൾ വിതരണം ചെയ്യുന്നുണ്ട്. സാമൂഹ്യനീതി വകപ്പിന്റെ 101 സമൂഹ അടുക്കളകൾ അട്ടപ്പാടി ഊരുകൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. 5 മൊബൈൽ മെഡിക്കൽ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

യൂണിറ്റുകൾ മുഖേന ക്ലാസുകൾ സംഘടിപ്പിച്ചുവരുന്നു. കോട്ടത്തറ ഗവ. ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ വിദഗ്ദ്ധ ഗൈനക്കോളജിസ്റ്റുകളുടെ സേവനം ഉറപ്പ് വരുത്തിയിട്ടുണ്ട്. ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും 3 വയസ്സിന് താഴെയുള്ള തൂക്കക്കുറവുള്ള കുട്ടികൾക്കും പ്രത്യേക പോഷകാഹാര വിതരണം നടത്തിവരുന്നു. വിവാഹം കഴിഞ്ഞിട്ടുള്ള പെൺകുട്ടികൾക്കും ഗർഭിണികൾക്കും അയൺ ഗുളികകൾ വിതരണം ചെയ്യുവരുന്നുണ്ട്. ആരോഗ്യ പ്രവർത്തകർ, ആശാ വർക്കർമാർ, എസ്.റ്റി. പ്രൊമോട്ടർമാർ എന്നിവർ മുഖേന ഗർഭിണികളെ പ്രത്യേകമായി പരിശോധനകൾക്ക് വിധേയമാക്കുന്നുണ്ട്. 2013-14 സാമ്പത്തിക വർഷം ആരോഗ്യ പ്രവർത്തനങ്ങൾക്കായി അനുവദിച്ച 433.52 ലക്ഷത്തിൽ 216.75 ലക്ഷം രൂപ ആരോഗ്യ വകുപ്പ് ഇതുവരെയും ചെലവഴിച്ചിട്ടുണ്ട്.

ആദിവാസികൾക്ക് വായ്പ

280 (4271) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി വിഭാഗങ്ങൾക്ക് വനഭൂമിയുടെ മേൽ ആദായമുള്ള വസ്തുവിന്മേൽ വിവാഹം, ഭവന നിർമ്മാണം, വാഹനം തുടങ്ങിയവയ്ക്കായി വായ്പ അനുവദിക്കുന്നില്ല എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പട്ടികവർഗ്ഗത്തിൽപ്പെട്ട സർക്കാർ ജീവനക്കാർക്ക് സ്വന്തം ജാമ്യത്തിൽ എസ്.റ്റി. ഡിപ്പാർട്ട്മെന്റിൽ നിന്നും വായ്പ നൽകാറുണ്ടോ; ഇവരിൽ ഭൂരഹിതരായവർക്ക് ഭവനനിർമ്മാണത്തിനായി ആവശ്യമുള്ള തുക വായ്പയായി അനുവദിക്കുമോ;

(സി) ആദിവാസി വിഭാഗങ്ങൾക്ക് കൈവശമിരിക്കുന്ന വസ്തുവിന്റെ ഈടിന്മേൽ വായ്പ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വനഭൂമിയുടെ മേൽ, ആദായമുള്ള വസ്തുവിൻമേൽ വിവാഹം, ഭവന നിർമ്മാണം, വാഹനം വാങ്ങൽ എന്നിവയ്ക്കായി വായ്പ അനുവദിക്കാൻ നിലവിൽ നിയമമില്ല.

(ബി) ഇല്ല. ഇവർക്ക് ഭവന നിർമ്മാണ വായ്പ നിലവിലെ നിയമപ്രകാരം അനുവദനീയമല്ല.

(സി) ഈ നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly